(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ എന്താണെന്ന് അറിയിക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരത്തിൽപ്പെട്ട എത്ര സ്ഥാപനങ്ങളാണ് ഓരോ ജില്ലയിലും ആരംഭിച്ചതെന്ന് അറിയിക്കാമോ ;

(ഡി) വിവിധ സാമുദായിക - മത സംഘടനകളും സ്ഥാപനങ്ങളും നിയന്ത്രിക്കുന്ന ഇത്തരം സ്ഥാപനങ്ങളിൽ സംവരണ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് അൺ എയ്ഡഡ് മേഖലയിൽ 500 സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ ജില്ല തിരിച്ചുള്ള കണക്കുകളും മറ്റ് വിവരങ്ങളും ശേഖരിച്ചിട്ടില്ല.

(ബി) അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം XIV (എഎ) നിബന്ധനകൾക്ക് വിധേയമാണ്.

(സി) കണക്കുകൾ ശേഖരിച്ചിട്ടില്ല.

(ഡി) സംവരണം ഏർപ്പെടുത്തിയിട്ടില്ല.

പുതുതായി ഹൈസ്കൂളുകൾ അനുവദിക്കാനുള്ള തീരുമാനം

85 (682) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി ഹൈസ്കൂളുകൾ അനുവദിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ പ്രദേശങ്ങളിലാണെന്ന് വ്യക്തമാക്കുമോ ;

(സി) പുതിയ സ്കൂളുകൾ അനുവദിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡം സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) ഇപ്പോൾ തീരുമാനിച്ച പ്രദേശങ്ങളിൽ മറ്റ് സ്കൂളുകൾ നിലവിലുണ്ടോ ;

(ഇ) എങ്കിൽ സർക്കാർ തീരുമാനം പ്രസ്തുത സ്കൂളുകളെ പ്രതികൂലമായി ബാധിക്കുമോ ;

(എഫ്) പ്രസ്തുത പ്രദേശങ്ങളിൽ ഹൈസ്കൂൾ ക്ലാസ്സുകളിൽ പഠിക്കാൻ മതിയായ വിദ്യാർത്ഥികളുടെ എണ്ണം സംബന്ധിച്ച് സർക്കാർ വല്ല സർവ്വേയും നടത്തിയിട്ടുണ്ടോ ;

(ജി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(എച്ച്) ഹൈസ്കൂൾ അനുവദിച്ചത് സാമുദായിക പരിഗണനയിൽ ആണോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഐ) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൊല്ലം ജില്ലയിലെ ചാത്തന്നൂർ, പുനലൂർ, ആലപ്പുഴ ജില്ലയിലെ ചെറിയനാട്, പള്ളിപ്പാട്, പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ, കോഴിക്കോട് ജില്ലയിലെ ചേളന്നൂർ, ഇടുക്കി ജില്ലയിലെ വണ്ടൻമേട്, തൃശ്ശൂർ ജില്ലയിലെ ശ്രീകണ്ഠപുരം, മലപ്പുറം ജില്ലയിലെ ഇരുമ്പുളിയം, തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം കോർപ്പറേഷൻ.

(സി) കെ. ഇ. ആർ-ൽ പ്രതിപാദിക്കപ്പെട്ട വ്യവസ്ഥകൾ പാലിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) 2000-2001 വർഷത്തിൽ അപേക്ഷ ക്ഷണിച്ചു എതിർപ്പുകൾ പരിശോധിച്ചശേഷം തയ്യാറാക്കിയ അന്തിമ ലിസ്റ്റിലുള്ള പ്രദേശങ്ങളിലാണ് സ്കൂളുകൾ അനുവദിക്കാൻ തീരുമാനിച്ചത്.

(എഫ്) ഉണ്ട്.

(ജി) സർവ്വേ റിപ്പോർട്ട് വിദ്യാഭ്യാസ ആഫീസർമാരിൽ നിന്നും വാങ്ങിയിരുന്നു.

(എച്ച്) അല്ല.

(ഐ) ചോദ്യം ഉദിക്കുന്നില്ല.

അപ്ഗ്രഡേഷൻ സംബന്ധിച്ച് നടപടിക്രമങ്ങൾ അടിയന്തരമായി പൂർത്തിയാക്കാൻ നടപടി

86 (683) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നല്ല രീതിയിൽ പ്രവർത്തിക്കുന്ന നാലും, അഞ്ചും ക്ലാസ് വരെയുള്ള എൽ. പി. സ്കൂളുകൾ അപ്ഗ്രഡ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഈ വർഷം എത്ര സ്കൂളുകൾ അപഗ്രേഡ് ചെയ്യുന്നുണ്ടെന്ന് അറിയിക്കാമോ ;

(സി) അപ്ഗ്രേഡ് ചെയ്യുമ്പോൾ പിന്നോക്ക ജില്ലകൾക്ക് മുൻഗണന നൽകാൻ നടപടി കൈക്കൊള്ളുമോ ;

(ഡി) അപ്ഗ്രഡേഷൻ സംബന്ധിച്ച നടപടിക്രമങ്ങൾ അടിയന്തിരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly